"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2026-27 വാർഷിക പദ്ധതി പരിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1812/2026/LSGD തീയതി,തിരുവനന്തപുരം, 26-09-2026

---

പരാമർശം:-

1. സ.ഉ (സാധാ) നം.1091/2026/LSGD; തീയതി 02.06.2026
2. സ.ഉ.(സാധാ) നം.1248/2026/LSGD; തീയതി 06.07.2026
3. സ.ഉ.(സാധാ) നം.1288/2026/LSGD; തീയതി 15.07.2026
4. സ.ഉ.(സാധാ) നം.1399/2026/LSGD; തീയതി 29.07.2026
5. സ.ഉ.(സാധാ) നം.1551/2026/LSGD; തീയതി 18.08.2026
6. സ.ഉ.(സാധാ) നം.1626/2026/LSGD; തീയതി 29.08.2026
7. വികേന്ദ്രീകൃതാസൂത്രണ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറുടെ 16.09.2026ലെ 01/എസ്.ആർ.ജി/2026 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2026-27 വാർഷിക പദ്ധതി, സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനും, യഥാകാലം അംഗീകാരം ലഭ്യമാക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തികൊണ്ടുള്ള വാർഷിക പദ്ധതി അന്തിമമാക്കി സമർപ്പിക്കുന്നതിനും പരാമർശം 1 പ്രകാരം നിർദേശം നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൽ കൂടുതൽ വ്യക്തത വരുത്തിയും വിശദീകരണം നൽകിയും പരാമർശം 2, 3 ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച പരാമർശം 5 മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായും, നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് 2025-26 ലെ സ്പിൽ ഓവർ പദ്ധതികളുടെ ബില്ലുകൾ മാറുന്നതിനായി ധനകാര്യ വകുപ്പ് അധിക വിഹിതം ഉപയോഗപ്പെടുത്തുന്നതിനായും വാർഷിക പദ്ധതി ഭേദഗതി ചെയ്ത് സമർപ്പിക്കുന്നതിന് പരാമർശം 6 പ്രകാരം 2026 സെപ്റ്റംബർ 10 വരെയും അവസരം നൽകിയിരുന്നു.

2. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ 16-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് പ്രോജക്ടുകൾ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള ക്രമീകരണം പൂർത്തിയായത് വൈകിയാണെന്നും, നഗരഭരണ സ്ഥാപനങ്ങളുടെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖ തയ്യാറാക്കുന്ന പ്രക്രിയ അന്തിമഘട്ടത്തിലാണ് എന്നും, അതിനാൽ

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി പരിഷ്കരിച്ച് ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി വീണ്ടും ദീർഘിപ്പിച്ച് നൽകണമെന്നും പരാമർശം 7 പ്രകാരം ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2026-27 വാർഷിക പദ്ധതി പരാമർശിത ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പരിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതികൾക്ക് സമർപ്പിക്കുന്നതിനുള്ള സമയപരിധി **2026 ഒക്ടോബർ 10** ആയി ദീർഘിപ്പിച്ച് ഉത്തരവാകുന്നു. ഇതിനാവശ്യമായ ക്രമീകരണം കാലതാമസം കൂടാതെ ഐ.കെ.എം. ഒരുക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും.
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്.
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്.
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്.
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
12. ചീഫ് ടൗൺ പ്ലാനർ.
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്.
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും.
15. എല്ലാ ജില്ലാ കളക്ടർമാർക്കും.
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്).
18. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
19. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.
20. ഡയറക്ടർ ജനറൽ, കില.
21. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
22. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
23. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്.
24. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്.
25. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Digitally signed by
Viraj K
Date: 26-09-2026
16:37:51
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്.